# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 20**

## എം.ജി. സർവകലാശാലാ ഗവേഷകയ്ക്ക് ദേശീയ ഫെലോഷിപ്പ്

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ പോസ്റ്റ്-ഡോക്ടറൽ ഗവേഷക ഡോ. മേധാ സുരേന്ദ്രനാഥിന് കേന്ദ്ര സർക്കാരിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ* (ANRF) *നാഷണൽ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ചു.*

*ശാസ്ത്ര-സാങ്കേതിക മേഖലകളിൽ മികച്ച ഗവേഷണങ്ങൾ നടത്തുന്ന യുവ ഗവേഷകരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതാണ് ഈ ഫെലോഷിപ്പ്. സെന്ററിലെ സീനിയർ സയന്റിസ്റ്റായ ഡോ. ഗൗതം ചന്ദ്രയുടെ മേൽനോട്ടത്തിലാണ് ഡോ. മേധ ഗവേഷണം നടത്തുന്നത്.*

*ഈ നേട്ടം സർവകലാശാലയുടെ ഗവേഷണ മികവിന്റെ പ്രതിഫലനമാണെന്ന് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി.മാവൂതു പറഞ്ഞു. ലോകോത്തര നിലവാരത്തിലുള്ള  ഗവേഷണങ്ങൾക്ക് സർവകലാശാല നൽകുന്ന പിന്തുണയുടെ തെളിവാണ് ഇത്തരം അംഗീകാരങ്ങളെന്നും ഡോ. മേധാ സുരേന്ദ്രനാഥിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം കൂട്ടിച്ചേർത്തു.*

*ഫോട്ടോ ക്യാപ്ഷൻ: അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ നാഷണൽ പോസ്റ്റ്-ഡോക്ടറൽ ഫെലോഷിപ്പ് ലഭിച്ച ഡോ. മേധാ സുരേന്ദ്രനാഥിനെ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി . മാവൂതു അഭിനന്ദിക്കുന്നു. ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ. കെ., സീനിയർ സയന്റിസ്റ്റ് ഡോ. ഗൗതം ചന്ദ്ര എന്നിവർ സമീപം.*

*(പി. ആർ. ഒ./665/2026)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ  സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എം.എസ്.സി ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽ സയൻസ് (സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്), എം.ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി എന്നീ കോഴ്സുകളിലെ വിവിധ കാറ്റഗറിയിലുള്ള ഒഴിവുകളിലേക്കാണ് പ്രവേശനം.*

*യോഗ്യരായ ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം  ജൂലൈ 22 ബുധനാഴ്ച രാവിലെ 10.30 ന് മുൻപായി എം.ജി സർവകലാശാലാ ക്യാമ്പസിലെ*

*സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഓഫീസിൽ (കൺവെർജൻസ് അക്കാദമിയ കോംപ്ലക്സ്, റൂം നമ്പർ 302) നേരിട്ട് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ. ഇമെയിൽ-* sem@mgu.ac.in , *ഫോൺ-* 0481-2733391

*(പി. ആർ. ഒ./666/2026)*

## പ്രാക്ടിക്കൽ

*എട്ടാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 3 മുതൽ 7 വരെ തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*------------*

*രണ്ടാം സെമസ്റ്റർ എംഎ ചെണ്ട (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 28 ന് തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി. ആർ. ഒ./667/2026)*

## പരീക്ഷാഫലം

*മൂന്നാം സെസ്റ്റർ എംഎ  ഇംഗ്ലിഷ് (2024 അഡ്മിഷൻ പരാജയപെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ*

*മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 3 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

------------

*മൂന്നാം സെമസ്റ്റർ എംഎ എക്കണോമെട്രിക്സ് (2024 അഡ്മിഷൻ തോനുവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 4 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി. ആർ. ഒ./668/2026)*

എം. ജി.യു. ബിരുദ ഏകജാലകം: സപ്ലിമെന്ററി അലോട്മെന്റ് രജിസ്ട്രേഷൻ ജൂലൈ 24 വരെ

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ്/സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ഏകജാലകം വഴിയുള്ള ബിരുദ പ്രവേശനത്തിന്റെ സപ്ലിമെന്ററി അലോട്മെൻറിന് ഇപ്പോൾ അപേക്ഷിക്കാം. ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താൻ സാധിക്കാത്തവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും, പ്രവേശനം ലഭിച്ചതിനു ശേഷം റിജക്ട് ആയിപ്പൊയവർക്കും, നിശ്ചിത സമയത്ത് പ്രവേശനമെടുക്കാൻ സാധിക്കാഞ്ഞവർക്കും അപേക്ഷിക്കുന്നതിനുള്ള സൗകര്യം ജൂലൈ 24 വരെ ലഭ്യമായിരിക്കുന്നതാണ്. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്മെന്റിനു പരിഗണിക്കപ്പെടാത്തവർക്കും അലോട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ്  ടുക്കാതെ തന്നെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേഡും ഉപയോഗിച്ച് പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്.

മുൻ അലോട്മെന്റുകളിൽ ഓപ്ഷനുകൾ നൽകിയിട്ടുള്ളവർ സപ്ലിമെന്ററി അലോട് മെന്റിൽ പങ്കെടുക്കാനായി പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്.

മാനേജ്മെന്റ് ക്വാട്ടക്ക് അപേക്ഷിക്കാനായുള്ള പ്രത്യേക ലിങ്കിലൂടെ മാത്രം ക്യാപ് ഐഡി ഉണ്ടാക്കിയിട്ടുള്ളവർ അതേ ലിങ്കിലൂടെ തന്നെ ലോഗിൻ ചെയ്യേണ്ടതാണ്. ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും പ്രവേശനം നടക്കുന്നുണ്ട്. നിലവിൽ പ്രവേശനമെടുത്തവർക്ക് സപ്ലിമെന്ററി അലോട്മെന്റിൽ പങ്കെടുക്കാനാവില്ല. വിശദവിവരങ്ങള്ക്ക്- cap.mgu.ac.in/ugpcap2026/
*(പി. ആർ. ഒ./668/2026)*

പബ്ലിക് റിലേഷൻസ് ഓഫീസര്